**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 666** **10-02-2025 - ൽ മറുപടിയ്ക്ക്**

**പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിലെ പൂയപ്പള്ളി ഗ്രാമപഞ്ചായത്തിൽ എം എൽ എ യുടെ പ്രത്യേക വികസന ഫണ്ട് വിനിയോഗിച്ച് കെഎസ്ഇബി കുണ്ടറ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നിർവഹണ ചുമതലയിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനായുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ; | (എ) | ബഹു. എം.എൽ.എ. ശ്രീ. ജയലാൽ-ന്റെ നിർദ്ദേശ പ്രകാരം ഗ്രാമവെളിച്ചം പദ്ധതിയിൽ ഉൾപ്പെടുത്തി വെളിയം, ഓയൂർ എന്നീ സെക്ഷനുകളിലെ വിവിധ സ്ഥലങ്ങളിൽ LED ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള ആകെ എസ്റ്റിമേറ്റ് തുക 2,68,180/- രൂപയായി നിശ്ചയിച്ച് കൊല്ലം ജില്ലാ കളക്ടർക്ക് 05.11.2024-ൽ കെ.എസ്.ഇ.ബി.എൽ. കത്ത് നൽകിയിരുന്നു. കൊല്ലം ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നും ആവശ്യപ്പെട്ട രേഖകൾ സഹിതം 31.01.2025-ൽ കെ.എസ്.ഇ.ബി.എൽ. വീണ്ടും കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലെ കാലതാമസം പരിഗണിച്ച് എത്രയും വേഗം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | എസ്റ്റിമേറ്റ് തുകയായ 2,68,180/- രൂപ അടയ്ക്കുന്ന മുറയ്ക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ